നം.കെഎസ്എ.കെടിഎം.പി.14-1431/2018 തീയതി 08.08.2018

# കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 30-06-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 18.07.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.07.2018 മുതൽ 18.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി.കെ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത്എം. | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബാബുരാജ്.കെ.ബി | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | മിനി സാവിയോ | 1.04.2017 മുതൽ 31.03.2018 വരെ. |
| സെക്രട്ടറി | മാത്യു.കെ.റ്റി | 01.04.17 മുതൽ 07.06..17 വരെ |
| സെക്രട്ടറി ഇൻ-ചാർജ് | ശ്രീമതി.രേഖ.ബി.നായർ | 07.06.17 മുതൽ 13.06.17വരെ |
| സെക്രട്ടറി | ശ്രീമതി.ഷൈലജ.ബി | 14.06.17 മുതൽ 22.06.17 വരെ |
| സെക്രട്ടറി | ശ്രീമതി.ബിജി.എസ് | 22.06.17 മുതൽ 14.07.17 വരെ |
| സെക്രട്ടറി | റ്റി.എം.ആരിഫ് | 14.07.17 മുതൽ 05.03.18 വരെ |
| സെക്രട്ടറി ഇൻ-ചാർജ് | ശ്രീമതി.രേഖ.ബി.നായർ | 05.03.18 മുതൽ 31.03.18 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അതുൽ ജയപാൽ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീതി ദാമോദരൻ | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ,. | ശ്രീ.ജോബിസെബാസ്റ്റ്യൻ | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജിസ് ഫ്രാൻസിസ് | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പുഷ്കല.പി.എൻ | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീ.ജെയിംസ് ജോർജ് | 01.04.17 മുതൽ 07.12.17 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീ.കെ.ഹരിലാൽ | 08.12.17 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജിസാ ജോസഫ്. | 01.04.17 മുതൽ 31.03.18 വരെ |
| അസി.സെക്രട്ടറി | ശ്രീമതി രേഖ.ബി.നായർ | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം (മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ<br>(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തവ) |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തു നികുതി പിരിവ് -ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം ശ്ലാഘനീയം |
| 2-2 | ഡി ആന്റ് ഒ ട്രേഡ് ലൈസൻസ്-692 വ്യാപാരവ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |

| | |
|---|---|
| 2-3 | കെട്ടിട നിർമ്മാണ അനുമതി--രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ |
| 2-4 | ആംബുലൻസ് സർവ്വീസ് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി-അവലോകനം. |
| 3-2(എ) | വിവിധ വയറിംഗ് പ്രവൃത്തികൾ-നിയമാനുസൃത നടപടിക്രമം പാലിച്ചിട്ടില്ല. |
| 3-2(ബി) | നികുതി വിഹിതം -ഈടാക്കിയിട്ടില്ല |
| 3-3 | ബാരൽ വില ഈടാക്കിയിട്ടില്ല. |
| 3-4 | ലെവൽമെഷർമെന്റ് -വിവരങ്ങൾ ലഭ്യമല്ല. |
| 3-5 | ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി-അവലോകനം. |
| 3-6 | തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും--അപാകതകൾ സംബന്ധിച്ച്. |
| 3-7 | സ്ട്രീറ്റ് ലൈൻവലിക്കൽ-വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല--27,80,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | പൊതുഭരണം--സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല |
| 3-9 | കൊണ്ടൂർ അങ്കണവാടി--അനുമതി ലഭിച്ചിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 3-10 | എസ്.സി. കുടിവെള്ള പദ്ധതി- വാട്ടർ ടാങ്ക് വാങ്ങൽ--അപാകതകൾ |
| 3-11 | യുവജനങ്ങൾക്ക് കരിയർ ഗൈഡൻസ് ലൈബ്രറി ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ--പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടില്ല |
| 3-12 | കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല. |
| 3-13 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അവലോകനം |
| 3-14 | മരുന്നുകൾ ലഭ്യമായിട്ടില്ല. |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |

| | |
|---|---|
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം-2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം-4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 21.04.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രിസമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വരവുചെലവു വിവരം താഴെച്ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6100000 |
| വരവ് | 73725909 |
| ആകെ | 79825909 |
| ചെലവ് | 77640909 |
| നീക്കിയിരിപ്പ് | 2185000 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 27.06.2018 | - | 27.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018-28.06.18 | KSA.KTM.P.14-1294/18<br>തീയതി 03.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12829877 |
| വരവ് | 76282458 |
| ആകെ | 89112335 |

| | |
|---|---|
| ചെലവ് | 83969815 |
| നീക്കിയിരിപ്പ് | 5142520 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12536524 | 12536524 | 12536524 | | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2693688 | 2693688 | 2333757 | 359931 | 87 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 351626 | 351626 | 277331 | 74295 | 77 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10581434 | 10581434 | 8326993 | 2254441 | 79 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3768032 | 3768032 | 2626879 | 1141153 | 70 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6536550 | 6536550 | 6459177 | 77373 | 99 |
| കെ.എൽ.എസ്.ജി.ഡി.പി (സംസ്ഥാന വിഹിതം) | 0 | 752591 | 752591 | 0 | 752591 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (കേന്ദ്ര വിഹിതം) | 0 | 3456526 | 3456526 | 2752982 | 703544 | 80 |
| എം.എൻ.ആർ.ഇ.ജി.എസ്. | 639 | 9009590 | 9010229 | 9009270 | 959 | 100 |
| ട്രഷറി.ടി.എസ്.ബി (ജനറൽ പർപ്പസ്) | 5335424 | 7231000 | 12566424 | 11952519 | 613905 | 95 |
| എസ്.ബി.റ്റി ലിറ്ററസി | 1779 | 71 | 1850 | 0 | 1850 | 0 |
| എസ്.ബി.റ്റി ജലനിധി | 2993436 | 22120968 | 25114404 | 24026551 | 1087853 | 96 |
| എസ്.ബി.റ്റി എം.എൻ ലക്ഷം വീട് ഭവന പദ്ധതി | 3890 | 146 | 4036 | 0 | 4036 | 0 |
| കുടിശ്ശിക രഹിത ഭവന പദ്ധതി-ഡിസ്ട്രിക്ട് സഹകരണ ബാങ്ക് | 69 | 0 | 69 | 0 | 69 | 0 |
| കുടിശ്ശിക രഹിത ഭവന പദ്ധതി-ഡിസ്ട്രിക്ട് സഹകരണ ബാങ്ക് (സസ്പെൻസ് അക്കൗണ്ട്) | 163807 | 0 | 163807 | 0 | 163807 | 0 |
| കറന്റ് | 1356980 | 3074149 | 4431129 | 2301889 | 2129240 | 52 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ടന്റ്-തനത് ഫണ്ട്-എസ്.ബി.റ്റി | | | | | | |
| തനത് ഫണ്ട്-എസ്.സി.ബി | 2206407 | 3519862 | 5726269 | 5204014 | 522255 | 91 |
| ക്യാഷ് (തനത് ഫണ്ട്) | 0 | 0 | 0 | 0 | 150651 | 0 |
| ബി ഫണ്ട് | 0 | 26716060 | 26716060 | 26716060 | 0 | 100 |
| മറ്റുള്ളവ | 0 | 1720499 | 1720499 | 775000 | 945499 | 45 |

## 1-6 പദ്ധതി അവലോകനം.

2017-18 വർഷം വിവിധ മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച നടപ്പാക്കി ശരാശരി 84% വികസനഫണ്ട് ചെലവഴിക്കാൻ പഞ്ചായത്തിനു സാധിച്ചിട്ടുണ്ട്.

വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം മാത്രം സാധ്യമാവുന്ന വിധത്തിലുള്ള പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളതെന്നു കാണുന്നു. എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവുപ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതോ ആയപ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. വാർഡ്, ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതംവെയ്ക്കുന്ന ഫലപ്രദമല്ലാത്ത വിഭവവിന്യാസത്തിലുപരി പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ആവശ്യകതയ്ക്ക് പ്രാധാന്യം നൽകിയാണ് പ്രോജക്ടുകൾ നടപ്പാക്കേണ്ടിയിരുന്നത്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സമഗ്രവികസനം എന്ന കാഴ്ചപ്പാടില്ലാതിരുന്നതിനാൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പിഎച്ച്സി, മൃഗാശുപത്രി ആയുർവേദാശുപത്രി എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന കൃഷിഭവന്റെ അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല. പദ്ധതിയ്ക്ക് അന്തിമരൂപം നൽകുന്നതിനു മുന്നോടിയായി പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതാണെങ്കിലും ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഐ എസ് ഒ നിലവാരത്തിലെത്തിയിട്ടുണ്ടെങ്കിലും മാലിന്യനിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ സംവിധാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. മാലിന്യനിർമ്മാർജ്ജനത്തിന് സ്ഥിരവും ശാസ്ത്രീയവുമായ സംവിധാനമുണ്ടാക്കാൻ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

<u>പ്രധാനനിരീക്ഷണങ്ങൾ</u>

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 13 വിഷയമേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അവ 27.02.2017, 28.04.17 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. 02.05.17 ൽ വികസന സെമിനാറും നടത്തിയിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്.

പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വികസനാവസ്ഥ അപഗ്രഥനം ചെയ്ത് ഊന്നൽ നൽകേണ്ട മേഖലകൾ വ്യക്തമാക്കുന്ന വിധത്തിലാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ്

റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 61244111 | 153 | 37799584 | 25 | 12 | 80.5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 639 | 535765 | 536404 | 535445 | 959 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7174398 | 7174398 | 71743398 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17760 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 2088700 | 712 |
| വിധവാപെൻഷൻ | 5456600 | 1793 |
| വാർദ്ധക്യകാലപെൻഷൻ | 15898400 | 4701 |
| വികലാംഗപെൻഷൻ | 2695900 | 847 |
| അൻപതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 456200 | 157 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-07-2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5434/രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ജീവനക്കാരുടെ ജോലിവിഭജനം ഓഫീസ് ഓർഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധസ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സ്റ്റാന്റിംഗ്കമ്മിറ്റി തീരുമാനങ്ങളും ജനറൽകമ്മിറ്റി തീരുമാനവും നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് തുടർമോണിറ്ററിംഗ് നടത്തുന്നില്ല. ക്യാഷ്ബുക്ക്, ബാങ്ക്ബുക്ക്, ചിട്ട, ഡേബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യസ്റ്റേഷനറി, രസീതുബുക്കുകൾ എന്നിവയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടിവിവരം രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ കാലികമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

നികുതികൾ കൃത്യസമയത്ത് ഡിമാന്റ് ചെയ്യുകയും കുടിശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. ഡിസിബി രജിസ്ററർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഫർണ്ണിച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ, തെരുവുവിളക്ക് ഉപകരണങ്ങൾ തുടങ്ങി വൻതുകയ്ക്ക് പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും ജനറൽ സ്റ്റോക്ക് രജിസ്റ്ററിലും ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറിയോ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനോ ഇക്കാര്യം നിരീക്ഷിച്ചിട്ടില്ല. ഇത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ ഗുരുതരമായ വീഴ്ചയാണ് (പ്രത്യേക ഖണ്ഡിക ചേർത്തിട്ടുണ്ട്).

വാർഷിക കണക്കുകളുടെ പരിശോധനാറിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ പ്രതിഫലിക്കുന്ന വിധത്തിലാണ് വാർഷികധനകാര്യപത്രിക തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ചെലവു വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഏപ്രിൽ-18 | മാർച്ച്-18 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/05/2018 | 2013/14-2017/18 | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ സഹകരണ ബാങ്ക് ഈരാറ്റുപേട്ട (കുടിൽരഹിത ഭവനനിർമ്മാണ പദ്ധതി) അക്കൗണ്ട് (നം.821) 30.03.16 ൽ ക്ലോസ് ചെയ്തെങ്കിലും തൻവർഷവും 69/- രൂപ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നു.
2. വസ്തുനികുതി കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. അഡ്വാൻസ് തുകയായ ₹20,500/- തൻവർഷ ഡിമാന്റിൽ ഉൾപ്പെടുത്താത്തതിനാൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവുമുള്ള ഡിമാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല.
5. തടിലേലവുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സായി ഈടാക്കിയ ₹6,100/- ബി-7 ഷെഡ്യൂളിൽ “Bidders E M D” ആയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.
6. പഞ്ചായത്ത് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ₹15,750/-രസീത് നൽകാതെ ശമ്പളത്തിൽ നിന്നും നേരിട്ട് പിടിച്ചതിനാൽ രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവുമുള്ള കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.
7. 3 മാസത്തിലധികമായിട്ടും എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "liability in respect of stale cheque” എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
8. ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.
9. സംയുക്ത സംരംഭക പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതമായി 4,50,000/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും 3,63,796/- രൂപ മാത്രമാണ് I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവ്-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ശ്ലാഘനീയം

2017 ഒക്ടോബർ, ഡിസംബർ 2018 ജനവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ വസ്തുനികുതി പിരിവ് സംബന്ധിച്ച് ചർച്ച ചെയ്യുകയും കാര്യക്ഷമമായ നടപടികൾ

സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതായി കാണുന്നു. നോട്ടീസ്, ഫ്ലക്സ്, മൈക്ക് അനൗൺസ്മെന്റ് എന്നീ മാധ്യമങ്ങൾ കൂടാതെ മെമ്പർമാരുൾപ്പെടെയുള്ളവർ നികുതിദായർക്ക് അറിയിപ്പ് നൽകുന്നതിന് മുൻകൈയെടുക്കുകയും ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തതിലൂടെ കടിശികയിനത്തിലെയും തൻവർഷത്തെയും വസ്തുനികുതിയുടെ 87% ത്തിലധികം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്, പഞ്ചായത്തിന്റെ 2ം വാർഡിൽ 100% തുക പിരിച്ചെടുത്തിട്ടുള്ളത് ശ്ലാഘനീയമാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം പരിഗണിച്ച് മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതിനും തുക ഈടാക്കുന്നതിനും തീരുമാനിക്കുകയും ബി എസ് എൻ എൽ ഒഴികെയുള്ള ടവ്വറുകളുടെ നികുതി പൂർണ്ണമായും പിരിച്ചെടുക്കുകയുംചെയ്തിട്ടുണ്ട്.

എന്നിരുന്നാലും, വാർഷികധനകാര്യപത്രിക പ്രകാരം ₹8,10,831/- പിരിഞ്ഞുകിട്ടാൻ ബാക്കിനിൽക്കുന്നുണ്ട്. “സഞ്ചയ" റിപ്പോർട്ട് പ്രകാരം ബാക്കിനിൽക്കുന്ന തുക ₹7,22,466/-യാണ്. ഈ അപാകത പരിഹരിക്കേണ്ടതും പിരിഞ്ഞുകിട്ടാൻ ബാക്കിനിൽക്കുന്ന തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ഡി&ഒ ട്രേഡ് ലൈസൻസ് -692 വ്യാപാരവ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2016-17 വർഷത്തിൽ 154 സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസോടെ പ്രവർത്തിച്ചിരുന്നത് എങ്കിൽ തൻവർഷത്തിൽ അവയുടെ എണ്ണം 226 ആയി ഉയർന്നിട്ടുണ്ട്. ലൈസൻസെടുക്കാത്ത സ്ഥാപനങ്ങളെകൊണ്ട് ലൈസൻസെടുപ്പിക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.07.2017 തീയതിയിലെ 2-ാം നമ്പർ തീരുമാനവും അതിന്റെ അടിസ്ഥാനത്തിൽ 24.07.17 ൽ 72 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതുമാണ് ഈ വർദ്ധനവിന് കാരണമായത്. എന്നിരുന്നാലും, ഇനിയും ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് "സഞ്ചയ" യിലെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ എണ്ണത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 572 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 99 |
| 3 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 5 |
| 4 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 29 |
| 5 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 131 |
| 6 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 82 |
| | ആകെ | 918 |

മേൽ പരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 918 കെട്ടിടങ്ങളുണ്ടെങ്കിലും 226 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസോടെ പ്രവർത്തിക്കുന്നത് എന്നത് ഇനിയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശക്തമായ ഇടപെടലുണ്ടാവേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ വ്യാപാര/വ്യവസായങ്ങളുടെ വിവരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ൽ പ്രതിപാദിക്കുന്നുണ്ട്. പട്ടിക1 പ്രകാരം റേഷൻകടകളും അബ്കാരി/കള്ള് ഷാപ്പുകളും ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളും കള്ള് ഷാപ്പുകളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുകയും ഡി&ഒ ട്രേഡ്

ലൈസൻസില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ

അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിട നിർമ്മാണം അംഗീകരിച്ച്/നിരാകരിച്ച് സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ് എന്ന കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 14 ചുരുക്കം ചില സംഗതികളിലൊഴികെ പാലിക്കപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ, നിർമ്മാണ പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 2-4 ആംബുലൻസ് സർവ്വീസ്

(എ) ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച ധനകാര്യവകുപ്പിന്റെ 02.08.2008 ലെ 41/2008 നമ്പർ സർക്കുലർ പ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തകുറിപ്പ് ലോഗ്ബുക്കിൽ ഓരോ മാസത്തിന്റെയും അവസാനം രേഖപ്പെടുത്തേണ്ടതും ഇന്ധനക്ഷമത ടെസ്റ്റ് എല്ലാവർഷവും കൃത്യസമയത്ത് നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമുണ്ട്. ഇന്ധനക്ഷമത ടെസ്റ്റ് 14.06.2017 ലാണ് അവസാനമായി നടത്തിയിട്ടുള്ളത്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടാതെ നിശ്ചിതഫീസ് ഈടാക്കിക്കൊണ്ട് റഫറൽ സർവ്വീസുകൾക്കും സ്വകാര്യ ഓട്ടങ്ങൾക്കും ആംബുലൻസ് ഉപയോഗിക്കുന്നുണ്ടെങ്കിലും പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട ഇന്ധനഉപഭോഗവും ദൂരവും മാത്രമാണ് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഔദ്യോഗിക യാത്രയ്ക്ക് പുറത്തുള്ള ഓട്ടത്തിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്താതിരിക്കുന്നത് ക്രമക്കേടിന് കാരണമാകും. ഇന്ധനക്ഷമത ടെസ്റ്റിനായി ₹1000/- ഈരാറ്റുപേട്ട സബ്ട്രഷറി മുഖാന്തിരം 11.07.2018 ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാവേലിക്കരയ്ക്ക് നൽകിയിട്ടുള്ളതായും വാഹനത്തിന്റെ ലോഗ്ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇനിമുതൽ നടത്തുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.7) മറുപടി നൽകിയിട്ടുണ്ട്.

(ബി) ഹയർ ചാർജ്ജസ് പൂർണ്ണമായും അടവാക്കിയില്ല

ആംബുലൻസ് സർവ്വീസ് രജിസ്റ്ററും പി.എച്ച്.സി. റഫറൽ സർവ്വീസ് രജിസ്റ്ററും പരിശോധിച്ചതിൽ റഫറൽ സർവ്വീസ് രജിസ്റ്റർ പ്രകാരം 31.03.2018ൽ ₹1,05,486/- വരവുണ്ടെങ്കിലും ആംബുലൻസ് സർവ്വീസ് രജിസ്റ്റർ പ്രകാരം ₹64,210/- മാത്രമാണ് അടവാക്കിയിട്ടുള്ളത്. ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.7) നൽകിയ മറുപടിയിൽ 29.06.2018 ൽ ₹18,300/-അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. ഇനിയും അടവാക്കുവാൻ ബാക്കിനിൽക്കുന്ന 22,976/-രൂപ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസത്തിൽ ഒരു തവണ എന്ന നിലയിൽ യോഗം ചേർന്നിട്ടുണ്ട്. 2016-17വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിഞ്ഞില്ലെന്ന് 29-3-2017 ലെ അജണ്ട രണ്ടിൽ വ്യക്തമാക്കിയിരിക്കുന്നു. ആയത് നീതീകരിക്കാവുന്ന കാര്യമല്ല. ഗ്രാമപഞ്ചായത്തിന്റെ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്റ്റാൻഡിംഗ് കമ്മിറ്റികൾ തൻവർഷത്തെ പദ്ധതികൾ നടപ്പാക്കുന്നതിനൊപ്പം അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും,ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിനും ശ്രദ്ധപുലർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2017-18വർഷം നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് വികസനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റിയിൽ വിശദമായ ചർച്ചയോ പഠനമോ നടത്തിയിട്ടില്ല. നടപ്പാക്കേണ്ട പദ്ധതികൾ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുക മാത്രമാണ് ചെയ്തിരിക്കുന്നത്. മണ്ണ് സംരക്ഷണം, ചെറുകിടജലസേചനം, ചെറുകിടവ്യവസായം എന്നീ മേഖലകളിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് കാണുന്നില്ല. പൊതുമരാമത്തിന്റെ കീഴിൽ ഗ്രാമപഞ്ചായത്തിൽ റോഡ് വികസനത്തിനാണ് കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്.അസി. എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി 69 പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ അൻപതിലധികം പ്രൊജക്ടുകൾ റോഡുകളും അനുബന്ധ വേലകളുമായിരുന്നു. സ്റ്റാറ്റസ് റിപ്പോർട്ട്, കണക്റ്റിവിറ്റി പ്ലാൻഎന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ നിലവിലെ റോഡുകളുടെ അവസ്ഥ, റോഡിന്റെ അളവ്, ടാർ/കോൺക്രീറ്റ് ചെയ്ത ഭാഗത്തിന്റെ അളവ് വിവരം, എന്നിവ വ്യക്തമായിട്ടില്ല.

ഉല്പാദന മേഖലയിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാനായി തയ്യാറാക്കിയിരുന്നത് ആകെ ഏഴ് പദ്ധതികൾ ആയിരുന്നു.എന്നാൽ ആകെ നാലെണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. മുഖ്യമായും കാർഷിക മേഖലയായ തിടനാട് ഗ്രമ പഞ്ചായത്തിന് കാർഷിക മേഖലയുടെ ഉന്നമനത്തിനായി വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിൽ വരുത്താത്തത് ഈ മേഖലയുടെ പുരോഗതിയെ ബാധിക്കും.

1.പ്രോജക്ട് നം-42/28- എസ്.സി വിഭാഗത്തിൽപ്പെട്ട കർഷകർക്ക് മഴവെള്ള സംഭരണി.

2.പ്രോജക്ട് നം-43/28-വനിത കർഷകർക്കുള്ള മഴവെള്ള സംഭരണി

3. പ്രോജക്ട് നം-44/28-ചെറുകിട നാമമാത്ര കർഷകർക്ക് ജലസേചന പമ്പ് സെറ്റ് നൽകൽ.

ടി പ്രോജക്ടുകൾ നടപ്പിൽ വരുത്താത്തത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ വിഭാവനം ചെയ്ത എല്ലാ പ്രോജക്ടുകളും നടപ്പിൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പൊതുവായ വികസനത്തെ ലക്ഷ്യമാക്കി വിശാലമായ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ഖരമാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിർമ്മാർജനം, സാമൂഹ്യ വനവൽക്കരണം, ചെറുകിട ജലസേചനം, അറവുശാലതുടങ്ങിയ ലക്ഷ്യങ്ങളെ മുൻ നിർത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതി ആവിഷ്കരണത്തിലും, നടത്തിപ്പിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടുതൽ ശ്രദ്ധയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

### 3-2(എ) വിവിധ വയറിംഗ് പ്രവർത്തികൾ-നിയമാനുസൃത നടപടിക്രമം പാലിച്ചിട്ടില്ല.

| ക്രമ.നം. | പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|---|
| 1 | 160/18 | അങ്കണവാടി വയറിംഗ് വാർഡ് 4,10,11 | 100600 (മെയിന്റനൻസ് ഗ്രാന്റ് | 100400 | 6/29.6.17 |

| | | | | | |
|---|---|---|---|---|---|
| | | | നോൺറോഡ്) | | |
| 2 | 186/18 | അങ്കണവാടികളുടെ വയറിംഗ് വാർഡ് 5,7,8,12,14 | 150000 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | 150000 | 21/25.8.17 |
| 3 | 161/18 | പിണ്ണക്കനാട് പി.എച്ച്.സി സബ്സെന്റർ വയറിംഗ് | 35800 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | 34000 | 4/29.6.17 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ വാർഡുകളിലെ അങ്കണവാടികളുടെയും പിണ്ണാക്കനാട് പി.എച്ച്.സി സബ്സെന്ററിന്റെയും വയറിംഗിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. കരാറുകാരൻ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി എം.ബുക്ക് തയ്യാറാക്കി അസി.എഞ്ചിനിയർ/അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതായി നിർവ്വഹണോദ്യോഗസ്ഥനോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച അടിസ്ഥാനപരമായ നടപടികൾ പോലും പാലിക്കാതെ കരാറുകാരൻ ശ്രീ ചാർളി സേവ്യർ, കൊട്ടാരത്തിൽ, തിടനാട് എന്നയാളുടെ അപേക്ഷയുടെ മാത്രം അടിസ്ഥാനത്തിൽ തുക നൽകിയതായാണ് കാണുന്നത്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/17-18 ന് ജോലികൾ കൃത്യമായി ചെയ്തിട്ടുണ്ടെന്ന വാർഡ് മെമ്പർമാർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നിവർ അറിയിച്ചതിന്റെയും കെ.എസ്.ഇ.ബി യിൽ നിന്നും കറന്റ് കണക്ഷൻ നൽകിയതായുള്ള സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിച്ചതെന്ന് സെക്രട്ടറി മറുപടി നൽകി. നിയമാനുസൃതനടപടികൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാലും മതിയായ രേഖകളുടെ അഭാവത്തിലും മറുപടി അംഗീകരിക്കത്തക്കതല്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 284400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വികസനകാര്യ/ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടവും ശക്തമായ ഇടപെടലും ഇത്തരം കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സത്വരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2(ബി) <u>നികുതി വിഹിതം ഈടാക്കിയില്ല</u>

മേല്പറഞ്ഞ വയറിംഗ് പ്രവൃത്തികൾക്ക് നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമവിഹിതം എന്നിവ ഈടാക്കിയിട്ടില്ല.

| പ്രോജക്ട് നം. | വേലമൂല്യം | ആദായനികുതി (രൂപ) | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം (രൂപ) |
|---|---|---|---|
| 160/18 | 100400 | 1004 | 1004 |
| 186/18 | 150000 | 1500 | 1500 |
| 161/18 | 34000 | 340 | 340 |
| ആകെ | | 2844 | 2844 |

നികുതിയിനത്തിൽ ഒടുക്കേണ്ട 5688/- രൂപ കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേയ്ക്കും ക്ഷേമനിധിബോർഡിലേയ്ക്കും ഒടുക്കേണ്ടതാണ്.

## 3-3 <u>ബാരൽ വില ഈടാക്കിയിട്ടില്ല</u>

2016-17 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ വകയിരുത്തിയത് സീൽഡ് ബിറ്റുമിന്റെ വിലയാണ്. ഈ സാഹചര്യത്തിൽ ബാരലുകൾ കേട് കൂടാതെ തിരികെ ഏൽപ്പിക്കുകയോ അല്ലാത്ത പക്ഷം സർക്കാർ അംഗീകരിച്ച നിരക്കിൽ ബാരൽ വില പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതായിരുന്നു.എന്നാൽഗ്രാമ പഞ്ചായത്തിൽ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് തുക ഈടാക്കുകയോ ബാരൽ തിരികെ നല്കുകയോ ചെയ്തിട്ടില്ല . പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജക്ട്/പ്രോജക്ട് നം. | കൺവീനർ | ബാരൽ എണ്ണം | വില 280/ |
|---|---|---|---|---|
| 1 | ചെമ്മലമറ്റം വട്ടക്കാണി റോഡ് റീ ടാറിംഗ് 0079/17 | ബെന്നി മാത്യു | 12 | 3360 |
| 2 | മൈലാടി--കാളകെട്ടി റോഡ് 083/17 | തോമസ് ജോസഫ് | 20 | 5600 |
| 3 | തണ്ണീനാൽ കിഴക്കേക്കര ദേവീക്ഷേത്രം പൊന്തനാൽ റോഡ് മെയിന്റനൻസ് | രാജൻ സി.കെ | 7 | 1960 |
| 4 | സി.എം.എസ്.കോളനി പിണ്ണക്കനാട് റോഡ് റീടാറിംഗ് 0058/17 | സാബുജി മാത്യു | 27 | 7560 |
| | ആകെ | -- | -- | 18480/- |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.5/17-18 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബാരൽവില കൺവീനർമാരിൽ നിന്നും ഈടാക്കുകയോ, അല്ലെങ്കിൽ ഒഴിഞ്ഞ ബാരൽ പഞ്ചായത്തിൽ ലഭ്യമാക്കി ലേലം ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തുകയോ ചെയ്യേണ്ടതാണ്.

## 3-4 ലെവൽ മെഷർ വിവരങ്ങൾ ലഭ്യമായിട്ടില്ല--1,43,161/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.-123/18

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 8-ാം മൈൽ ചാണകോളനി റോഡ് നിർമ്മാണത്തിന് 463.132 m3 മണ്ണ് നീക്കം ചെയ്ത പ്രവർത്തിയാണ് ചെയ്തിട്ടുള്ളത്. 300 m3 ന് മുകളിൽ മൺ പണി ചെയ്യുമ്പോൾ ലെവൽമെഷർ ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 1,43,161/- രൂപ (ബിൽ നം. 10/17-18 തീയതി 19.06.17) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പട്ടികജാതി-പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹിക ക്ഷേമം, സാമൂഹിക സുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് സാമൂഹികക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നത്. പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ പ്രത്യേകിച്ച് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വളരെ വലുതാണ്. ഭൂരിഭാഗവും സാധാരണ ജനവിഭാഗങ്ങൾ അധിവസിക്കുന്ന പഞ്ചായത്തിന്റെ ഉന്നമനത്തിനായി ഫലപ്രദമായി ഇടപെടുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയും. എന്നാൽ തിടനാട് ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ വിവിധ ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാനപരമായ പുരോഗതി മുൻനിർത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തെരുവുവിളക്ക് അനുബന്ധഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും -

അപാകതകൾ സംബന്ധിച്ച്

| ക്രമ.നം. | പ്രോജക്ട് നം. | ഇനം | എണ്ണം | ചെലവ് തുക | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | 166/18 | 18 Wഎൽ ഇ ഡി ലാമ്പ്, ഷെയ്ഡ്, ഹോൾഡർ, കേബിൾ, ഫിറ്റിംഗ്സ് | 368 | 2,46,560<br>96,416 (ഇൻസ്റ്റലേഷൻ ചാർജ്ജ്) | 8/29.06.2017<br>58/26.03.18 |
| 2 | 185/18 | 85 W സി.എഫ്.എൽ. അനുബന്ധഉപകരണങ്ങൾ | 123 | 1,41,450 | 27/23.09.2017 |
| 3 | 208/18 | LED ലാമ്പ് | 123 | 99,630 | 59/26.03.18 |

തെരുവുവിളക്കുകളുടെ പരിപാലനത്തിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മേൽപ്പറഞ്ഞ പ്രകാരം മൂന്ന് പ്രോജക്ടുകൾ രൂപീകരിക്കുകയും വികസനഫണ്ട് ഉയോഗിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിന്നർ ഇല്ക്ട്രോണിക്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത്. മനോജ് കെ.ജി, കാരപ്ലാക്കൽ, തലനാട് എന്ന കരാറുകാരൻ മുഖേനയാണ് പ്രവൃത്തി നടപ്പാക്കിയത്.

എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും സ്ഥാപിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. (പ്രോജക്ട് നം.185/18 പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചതായുള്ള കെഎസ് സിബി യുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.)

മേല്പറഞ്ഞ കാരണങ്ങളാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചതൊഴികെയുള്ള രണ്ട് പ്രോജക്ടുകൾക്ക് ചെലവഴിച്ച 4,42,606/- (342976+99630) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാത്രമല്ല, തെരുവുവിളക്കുകളുടെ ഇനം, എണ്ണം കറന്റ് ചാർജ്ജ് എന്നിവ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

ഇക്കാര്യത്തിൽ വികസനകാര്യ/ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടവും നിർദേശങ്ങളും ഉണ്ടാകേണ്ടതാണ്.

## 3-7 സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭിച്ചിട്ടില്ല-- 27,80,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം സുഗമമാക്കുന്നതിന് വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് വൈദ്യുതബോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഈരാറ്റുപേട്ട, പിണ്ണാക്കനാട് ഡിവിഷനുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ/ പൂർത്തീകരണസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ടിന്റെ വിവരങ്ങൾ | നിക്ഷേപവിവരങ്ങൾ |
|---|---|---|
| 1 | 170/18<br>തിടനാട് കുരിശിങ്കൽ കോൾബെ പൊന്തനാൽ റോഡ് സ്ട്രീറ്റ് മെയിൻ | വികസനഫണ്ട്-34000<br>(ബിൽ നം.2/29.6.17)<br>പിണ്ണാക്കനാട് ഡിവിഷൻ |

| | | |
|---|---|---|
| 2 | 16/18<br>പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | വികസനഫണ്ട്- 2746407<br>പിണ്ണാക്കനാട് ഡിവിഷൻ<br>594809 (ബിൽ നം.36/23.11.17)<br>13489 ( " 46/17.2.18)<br>227992 ( " 45/17.2.18)<br>1662022 ( " 62/28.3.18)<br>ഈരാറ്റുപേട്ട ഡിവിഷൻ<br>248095 ( " 45/17.2.18) |

വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 27,80,407/- രൂപ (34000+2746407) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-8 പൊതുഭരണം--സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

വിവിധ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിനും കൗൺസിൽ ഹാളിനും ഘടകസ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും വേണ്ടി ഫർണിച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ വിതരണവിവരങ്ങൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | ഫണ്ടിനം | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 64/18<br>പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 80000<br>(ബിൽ നം. 44/17.2.18) | സെക്രട്ടറി |
| 143/18<br>പഞ്ചായത്ത് കൗൺസിൽ ഹാളിന് ഫർണിച്ചർ വാങ്ങൽ | വികസനഫണ്ട് | 291455<br>(ബിൽ നം. 40/31.1.18) | ,, |
| 168/18<br>അങ്കണവാടികൾക്കും പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾക്കും ഫർണിച്ചർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 276600<br>ബിൽ നം.15/24.7.17 | ,, |

കമ്പ്യൂട്ടർ, പ്രിന്റർ, യുപിഎസ് മറ്റ് അനുബന്ധഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് താഴെപ്പറയുന്ന വിവിധ പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ, വാറന്റി കാലയളവ് തുടങ്ങിയ കാര്യങ്ങൾ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രോജക്ടിന്റെ വിവരങ്ങൾ | ഫണ്ടിനം | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 15/18<br>പഞ്ചായത്ത് ഓഫീസിന് യുപിഎസ് വാങ്ങൽ | വികസനഫണ്ട്) | 146600<br>ബിൽ നം.39/31.1.18 | സെക്രട്ടറി |
| 147/18<br>കമ്പ്യൂട്ടർസെർവർ ഓപ്പറേറ്റിംഗ് സിസ്റ്റം | - ടി - | 57000<br>ബിൽ നം.37/31.1.18 | ,, |

| | | | |
|---|---|---|---|
| വാങ്ങൽ | | | |
| 149/18<br>കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ വാങ്ങൽ | - ടി - | 24150<br>ബിൽ<br>നം.54/26.3.18 | ,, |
| 157/18<br>പഞ്ചായത്ത് ഓഫീസിന് പ്രിന്റർ വാങ്ങൽ | - ടി - | 16500<br>ബിൽ<br>നം.9/29.6.17 | ,, |
| 162/18<br>പ്രസിഡണ്ടിനും സെക്രട്ടറിയ്ക്കും ലാപ് ടോപ്പ് വാങ്ങൽ | - ടി - | 56200<br>ബിൽ<br>നം.16/24.7.17 | ,, |
| 167/18<br>പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ | - ടി - | 127025<br>ബിൽ<br>നം.7/29.6.17 | ,, |
| 169/18<br>എഇ ഓഫീസ്,പിഎച്ച്സി-<br>ആൾ ഇൻ വൺ പ്രിന്റർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 22500<br>ബിൽ<br>നം.5/29.6.17 | ,, |
| 171/18<br>പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ(സ്പിൽ ഓവർ) | വികസനഫണ്ട് | 49800<br>ബിൽ<br>നം.57/26.3.18 | ,, |
| 187/18<br>- ടി - | - ടി - | 159246<br>ബിൽ<br>നം.55/26.3.18 | ,, |

വൻതുക ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് പരിപാലിക്കാത്തത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയാണ്. സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 13,07,076/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൊതുഭരണവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടവും നിർദ്ദേശങ്ങളും ഉണ്ടാകുന്നതിന് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 കൊണ്ടൂർ അങ്കണവാടി - അനുമതി ലഭിച്ചിട്ടും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്തിലെ രണ്ടാം വാർഡിൽ കൊണ്ടൂർ എന്ന സ്ഥലത്തുള്ള 63-ാം നം അങ്കണവാടി ശോച്യാവസ്ഥയിലായതിനാൽ താല്ക്കാലികമായി വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് അങ്കണവാടി കെട്ടിടം പൊളിച്ച് ലേലം ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് (9.6.17 ലെ 16-ാം നം. തീരുമാനം). പഞ്ചായത്ത് ഡയറക്ടറുടെ 9.11.17 ലെ ഉത്തരവ് നം.സി.1-36088/17 പ്രകാരം കാലപ്പഴക്കം മൂലം ജീർണ്ണിച്ച് ഉപയോഗശൂന്യമായ അങ്കണവാടിയ്ക്ക് 12,534/- രൂപ മൂല്യം നിർണ്ണയിച്ചത് അംഗീകരിച്ച് ലേലം ചെയ്യുന്നതിന് അനുമതി നൽകി. പഞ്ചായത്ത് കമ്മിറ്റിയുടെ 9.1.18 ലെ 7-ാം നം തീരുമാന പ്രകാരം 13,300/- രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തി. പ്രോജക്ട് നം 195/18പ്രകാരം 91,000/- രൂപ വകയിരുത്തി അങ്കണവാടി നിർമ്മാണത്തിന് പ്രോജക്ട് രൂപീകരിച്ചെങ്കിലും നാളിതു വരെ യാതൊരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. ക്ഷേമകാര്യ/വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. അങ്കണവാടി നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-10 എസ്.സി കുടിവെള്ള പദ്ധതി- വാട്ടർ ടാങ്ക് വാങ്ങൽ -അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം | എസ് 033/18 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 2,48,132 |
| ചെലവ് | 2,48,132 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ടി പദ്ധതിയുടെ ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങളിൽ അവ്യക്തതയുണ്ട്. ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമല്ല. ടി പ്രോജക്ട് നടപ്പിലാക്കുന്നതിനായി ലഭിച്ച ക്വട്ടേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനം | ലഭിച്ച തീയതി | ക്വോട്ട് ചെയ്ത തുക |
|---|---|---|
| മട്ടുക്കക്കുഴി സാനിവേഴ്സ് | 03.11.17 | 2400 |
| വിക്ടോറിയ പോളി ഫാം | 03.10.17 | 3250 |
| മടത്തിൽ ഏജൻസീസ് | 03.10.17 | 2790 |
| മടത്തിൽ ഏജൻസീസ് | 03.11.17 | 3069 |

ലഭിച്ചിരിക്കുന്ന ക്വട്ടേഷനുകളിൽ മട്ടുക്കക്കുഴി സാനിവേഴ്സ് എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരിക്കുന്നത്. എന്നാൽ മടത്തിൽ ഏജൻസീസ് എന്ന സ്ഥാപനം 03.11.17 ൽസമർപ്പിച്ച 3069/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് 80 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം 03.10.17 ൽ 2790 രൂപ ക്വോട്ട് ചെയ്തുകൊണ്ട് ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. ആയത് അംഗീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ടി സ്ഥാപനം വ്യത്യസ്ത തീയതികളിൽ രണ്ടു ക്വട്ടേഷനുകൾ സമർപ്പിച്ചതിന്റ സാഹചര്യം വ്യക്തമല്ല. അപാകത സംബന്ധിച്ച് 16.07.18 ൽ ഓഡിറ്റ് എൻക്വയറി (നം.6) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്കിൽ വാട്ടർടാങ്ക് വാങ്ങിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-11 യുവജനങ്ങൾക്ക് കരിയർഗൈഡൻസ് ലൈബ്രറി ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ-പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടില്ല

പ്രോജക്ട് നം-എസ് 0178/18

അടങ്കൽ -2,62,000 – വികസനഫണ്ട് (എസ്.സി.പി.)

ചെലവ് -1,50,178 ,,

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

ടി പദ്ധതിക്ക് മേശ, കസേര, അലമാര, ഡസ്ക്, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി 2,62,000/-രൂപ വികസന ഫണ്ടിൽ നിന്നും വകകൊള്ളിച്ചിരുന്നു. എന്നാൽ പുസ്തകങ്ങൾ വാങ്ങുന്നതിനായി 1,20,978/- രൂപയും ഫർണ്ണീച്ചർ വാങ്ങുന്നതിനായി 29,200 രൂപയും മാത്രമാണ് പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ എന്നിവ വാങ്ങിയിട്ടില്ല ഭൗതീക പരിശോധനയിൽ അലമാര, ഡെസ്ക്, പുസ്തകങ്ങൾ, എന്നിവ വാങ്ങിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. 2,62,000/- രൂപ അടങ്കൽ ആയ പദ്ധതിക്കായി ആകെ ചെലവഴിച്ചത് 1,50,178/- രൂപ മാത്രമാണ്. യുവ ജനങ്ങളുടെ തൊഴിൽ സാദ്ധ്യത മുന്നിൽ കണ്ട് ആവിഷ്കരിച്ച ടി പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി വിഭാവനം ചെയ്ത ഭൗതീക ലക്ഷ്യങ്ങൾ ആർജ്ജിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കരിക്കുന്നതിനായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-12 കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഐ.എ.വൈ.വിഹിതം ഒടുക്കൽ പ്രോജക്ടിന്റെ (പ്രോജക്ട് നം.30/18) ഭാഗമായി 49835/-രൂപ (ബിൽ നമ്പർ 5/17-18, 14-6-17) ഈരാറ്റുപേട്ട ബി.ഡി.ഒ ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് വിവരം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 49,835/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 3-13 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി മാസത്തിൽ ഒരു തവണ എന്ന നിലയിൽ യോഗം ചേർന്നിട്ടുണ്ട്. 2017-18 വർഷം ശുപാർശ ചെയ്ത പദ്ധതികൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതികൾ സംബന്ധിച്ച് മൂല്യ നിർണ്ണയം നടത്തുകയോ നേട്ട കോട്ട വിശകലനം നടത്തുകയോ ചെയ്തിട്ടില്ല. മാലിന്യ സംസ്കരണപ്രൊജക്ടുകളായ റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് എന്നീ പ്രൊജക്ടുകൾക്ക് വേണ്ടി ശുപാർശ ചെയ്തെങ്കിലും പഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടില്ല. പദ്ധതികളുടെ നടത്തിപ്പ് അവലോകനം നടത്തി വിലയിരുത്തുന്നുവെന്ന് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ റിപ്പേർട്ട് മിനിട്ട്സിൽ ചേർത്തിട്ടില്ല. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കിണർ റീചാർജിംഗ് പ്രൊജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. ശുദ്ധജല വിതരണപദ്ധതികൾക്കായി ജലനിധിക്ക് തൻവർഷം 1883084/-രൂപ കൈമാറിയിട്ടുണ്ടെങ്കിലും ജലനിധിയുടെ പ്രവർത്തനം, കമ്മീഷൻ ചെയ്ത പദ്ധതികൾ എന്നിവ സംബന്ധിച്ച് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. സ്കൂൾ കുട്ടികളുടെ പങ്കാളിത്തത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിലേക്ക് ക്യാമ്പൈൻ സംഘടിപ്പിക്കുന്നതിന് ശുപാർശ നടത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തേണ്ടതാണ്. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമാണ്.

ആശുപത്രി മാനേജിംഗ് കമ്മിറ്റി

പി.എച്ച്.സി, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾക്ക് ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വരവുചെലവു കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 മരുന്നുകൾ ലഭ്യമായിട്ടില്ല

തൻവർഷം ആയുർവേദ മരുന്നുകൾ, ഹോമിയോ മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങളിലേക്ക് തുക ഒടുക്കിയിട്ടുണ്ടെങ്കിലും, മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക/ബിൽ വിവരം | ലഭ്യമായ മരുന്ന് | ലഭിക്കാനുള്ളത് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-<br>ഹോമിയോ ഡിസ്പെൻസറി മരുന്ന് വാങ്ങൽ | 150000/-<br>10/11-1-18 | ഇല്ല | 150000/- |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 200000/-<br>1/24-10-17 | 137406/- | 62594/- |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2,12,594/- രൂപയുടെ (150000+62594) ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2017-18 | 2,50,000 | Scholorship for differently abled and mentally challenged students | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, | 2017-18 | 2,25,000 | Milk incentive to dairy farmers | 2,25,000 | 0 |

| | | | | | |
|---|---|---|---|---|---|
| ഈരാറ്റുപേട്ട | | 2,00,000 | Scholorship for differently abled and mentally challenged students | 2,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ ബി | തെരുവ് വിളക്ക് സ്ഥാപിക്കൽ | | 27,46,407 | 0 | 27,46,407 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

സ്ഥാപനത്തിന് തൻവർഷം വായ്പയിനത്തിൽ വരവ്/തിരിച്ചടവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ | തുക (രൂപ) |
|---|---|---|---|---|---|---|
| 2000-01, 2001-02 (ജനകീയാസൂത്രണം) | 2(1) | 2003-04 | 3-5-2 | ജലസേചന പദ്ധതികൾ- മുൻഗണനാക്രമം തെറ്റിച്ച മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ ഭീമമായ നഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ | 8344 |

| | | | | | | |
|---|---|---|---|---|---|---|
| 1999-00 | 10(b) | 2003-04 | പേജ് 63 | നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് 50,000 രൂപ മുൻകൂർ നൽകി | | 50000 |

## 4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ.നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| | | | ഇല്ല | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,91,12,335 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,39,69,815 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,20,079 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 (എ) | 2,84,400 | ശ്രീമതി ബിജി എസ്, സെക്രട്ടറി<br>ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി |
| 3-4 | 1,43,161 | ശ്രീ.ജയിംസ് ജോർജ്ജ്, അസി.എഞ്ചിനീയർ |
| 3-6 | 4,42,606 | ശ്രീമതി ബിജി എസ്, സെക്രട്ടറി<br>ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി<br>ശ്രീമതി രേഖ ബി.നായർ, സെക്രട്ടറി |
| 3-7 (1)<br>3-7 (2) | 34,000<br>27,46,407 | ശ്രീമതി ബിജി എസ്, സെക്രട്ടറി<br>ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി |
| 3-8 | 13,07,076 | ശ്രീമതി ബിജി എസ്, സെക്രട്ടറി<br>ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി |
| 3-12 | 49,835 | ശ്രീമതി ഷൈലജ ബി, സെക്രട്ടറി |
| 3-14 | 2,12,594 | ഡോ. ജിസ് ഫ്രാൻസിസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-2 (ബി) | 5688 |
| 3-3 | 18,480 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജി എസ്. സെക്രട്ടറി | സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്. | ഐശ്വര്യ, തിരുവമ്പാടി പി.ഒ, കെഎസ്ഇബി ഓഫീസിനു സമീപം, ആലപ്പുഴ |
| ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി | | തടവനാൽ, അരുവിത്തുറ പി.ഒ, ഈരാറ്റുപേട്ട, കോട്ടയം ജില്ല |
| ശ്രീ.ജെയിംസ് ജോർജ്ജ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മൂന്നിലവ്/മേലുകാവ് ഗ്രാമപഞ്ചായത്ത് | മട്ടക്കക്കുഴിയിൽ, പാദുവ പി.ഒ |
| ശ്രീമതി രേഖ ബി.നായർ, സെക്രട്ടറി | അസി.സെക്രട്ടറി, പാമ്പാടി ഗ്രാമപഞ്ചായത്ത് | കുറിക്കാട്ടൂർ വീട്, പനമറ്റം പി.ഒ, പൊൻകുന്നം |
| ഡോ.ജിസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, തിടനാട് | മൂന്ന് മാക്കൽ, കീഴ്തടിയൂർ പി.ഒ, പാല, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(1) /02.02.18 | | |
| 99-2000 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(2) /02.02.18 | | |
| 2000-01, 2001-02 | എൽ.എഫ്.കെ.പി.7/17/04/3.2.03 | | |
| 2002-03 ചെലവ് | എൽഎഫ്.പി.7/184/05/7.5.07 | | |

| | | | |
|---|---|---|---|
| 2003-04<br>ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | | |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/ 07/21.11.08 | | |
| 1997-98<br>വരവ് | എൽ.എഫ്.കെ.പി.3/914/07/20.4.09/ 12.6.09 | | |
| 2000-01<br>ചെലവ് | എൽ.എഫ്.കെ.പി.3/919/07/20.4.09 | | |
| 2001-02 | എൽ.എഫ്.കെ.പി.3/918/07/20.4.09 | | |
| 2002-03<br>വരവ് | എൽ.എഫ്.കെ.പി.3/920/07/20.4.09 | | |
| 2003-04<br>വരവ് | എൽ.എഫ്.കെ.പി.1/960/അദാ (സി)/2011 (6)/ 25.8.11 | 2 | |
| 2004-05 | എൽ.എഫ്.കെ.പി.1/960/അദാ (സി3)/2011 (7)/ 25.8.11 | 03 | |
| 2005-06 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (8)/25.8.11 | 05 | |
| 2006-07 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (9)/25.8.11 | 03 | |
| 2007-08 | എൽ.എഫ്.കെ.പി.2/344/12/8.5.12 | | |
| 2008-09 | എൽ എഫ്.കെ.പി.2/444/11/30.4.13 | 11 | |
| 2009-10 | എൽ.എഫ്.കെ.പി.2/445/11/8.2.13 | | |
| 2010-11, 11-12 | എൽ.എഫ്.കെ.പി.2/817/13/3.12.13 | | |
| 2012-13 | എൽ.എഫ്.കെ.പി.2/1469/14/ 4.3.15 | 14 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.2/1669/ 15/15.4.16 | 16 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2/1049/ 16/03.04.17 | 08 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.2/1047/17/24.02.18 | | |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14-988/17/23.02.18 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.14-1431/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 08.08.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം